**കേരള സർക്കാർ**

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**<u>പരിപത്രം</u>**

**നം.74/2021/ധന** **തീയതി, തിരുവനന്തപുരം, 13.09.2021**

വിഷയം :- 01.07.2019-നും 31.03.2021-നും ഇടയിൽ നോൺ ഗസറ്റഡ് തസ്തികയിൽ നിന്നും ഗസറ്റഡ് തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുകയും തുടർന്ന് ടി കാലയളവിൽ വിരമിക്കുകയും ചെയ്ത ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം - സംബന്ധിച്ച്.

സൂചന :- 1. സ.ഉ(അ) നം.30/2021/ധന തീയതി 12.02.2021.
2. സ.ഉ(അ) നം.35/2021/ധന തീയതി 23.02.2021.
3. പരിപത്രം നം.27/2021/ധന തീയതി 19.03.2021.

സംസ്ഥാന സർവ്വീസ് പെൻഷൻകാരുടെ പെൻഷൻ ആനുകൂല്യങ്ങൾ 01.07.2019 പ്രാബല്യത്തിൽ പരിഷ്കരിച്ചുകൊണ്ട് സൂചന (1) & (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും സൂചന (3) പ്രകാരം പ്രസ്തുത പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 01.07.2019-നും 31.03.2021-നും ഇടയിൽ നോൺ ഗസറ്റഡ് തസ്തികയിൽ നിന്നും ഗസറ്റഡ് തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുകയും തുടർന്ന് ടി കാലയളവിൽ വിരമിക്കുകയും ചെയ്ത ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം നടപ്പിലാക്കുന്നതു സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്ന് വിവിധ വകുപ്പുകൾ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 01.07.2019-നും 31.03.2021-നും ഇടയിൽ നോൺ ഗസറ്റഡ് തസ്തികയിൽ നിന്നും ഗസറ്റഡ് തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുകയും തുടർന്ന് ടി കാലയളവിൽ വിരമിക്കുകയും ചെയ്ത ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം സംബന്ധിച്ച് ചുവടെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) 01.07.2019-നും 31.03.2021-നും ഇടയിൽ നോൺ ഗസറ്റഡ് തസ്തികയിൽ നിന്നും ഗസറ്റഡ് തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുകയും തുടർന്ന് ടി കാലയളവിൽ വിരമിക്കുകയും ചെയ്ത ജീവനക്കാരുടെ ഗസറ്റഡ് തസ്തികയിലെ ശമ്പളവും പെൻഷനും പരിഷ്കരിക്കുന്നതിനായി അവരുടെ നോൺ ഗസറ്റഡ് കാലയളവിലെ Revised pay, Fixation statement, Undertaking എന്നിവ സഹിതം ശമ്പള പരിഷ്കരണ പ്രൊപ്പോസൽ അതത് വകുപ്പുകൾ അക്കൗണ്ടന്റ് ജനറലിനു സമർപ്പിക്കേണ്ടതാണ്.

(2) മേൽ വിഭാഗം ജീവനക്കാരുടെ പെൻഷൻ പരിഷ്കരണത്തിനായി പ്രത്യേകം പ്രൊപ്പോസൽ അക്കൗണ്ടന്റ് ജനറലിനു സമർപ്പിക്കേണ്ടതില്ല. അവരുടെ പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ടന്റ് ജനറൽ പെൻഷൻ പരിഷ്കരിച്ചു നൽകുന്നതാണ്.

**സഞ്ജയ് എം. കൗൾ**
**സെക്രട്ടറി (ധനകാര്യ വ്യയം)**

പകർപ്പ് - പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II), കേരളം, തിരുവനന്തപുരം.
എല്ലാ ഓഫീസുകൾക്കും വകുപ്പ് മേധാവികൾക്കും.
സെക്രട്ടേറിയറ്റിലെ നിയമ വകുപ്പുൾപ്പെടെ എല്ലാ വകുപ്പുകൾക്കും, വകുപ്പ് മേധാവികൾക്കും
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
എല്ലാ സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി/അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ ട്രഷറികളും സബ് ട്രഷറികളും
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഇ-1815452)

ഉത്തരവിൻ പ്രകാരം

**അക്കൗണ്ട്സ് ഓഫീസർ**